(ബി) ചെറിയ ചെയിസിസുകൾ വരുത്തി ബോഡിചെയ്തു മലയോര പ്രദേശങ്ങളിൽ സർവ്വീസ് നടത്തുന്നതിന് നടപടിസ്വീകരിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) എക്സ്പ്രസ്സ് പാസ്റ്റർ പാസഞ്ചർ സർവ്വീസുകൾക്ക് യോജിച്ച തരത്തിലുള്ള ബസ്സ് ബോഡികളാണ് ഇപ്പോൾ നിർമ്മിക്കുന്നത്.

(ബി) ഇക്കാര്യം പരിഗണനയിലുണ്ട് .

കർഷകർക്ക് സഹായം നൽകുന്ന പദ്ധതി

* 267. [288] ശ്രീ പന്തളം സുധാകരൻ :
,, കെ. മുഹമ്മദാലി :
,, എ. സി. ജോസ് :
,, മണിമംഗലത്തു കുട്ട്യാലി :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട ഇടത്തര കൃഷിക്കാർക്ക് സഹായം നൽകുന്ന പദ്ധതി പ്രകാരം (Scheme for assistance to small and Marginal farmers എന്നു മുതലാണ് ആരംഭിച്ചത് ;

(ബി) ഏതെല്ലാം പരിപാടികളാണ് ഈ പദ്ധതി മൂലം നടപ്പാക്കിക്കൊണ്ടിരിക്കുന്നത് ;

(സി) ഈ പദ്ധതി നടപ്പിലാക്കിയതിനുശേഷം ഇതിന്റെ പരിധിയിൽ വരുന്ന കർഷകർക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തെല്ലാം?

ഗ്രാമവികസന വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഈ പദ്ധതി 1983-84 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചു.

(ബി) ഈ പദ്ധതി അനുസരിച്ച് കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ചെറുകിട നാമമാത്ര കൃഷിക്കാർക്ക് ജലസേചനത്തിന് സഹായം നൽകുകയും, മിനികിറ്റ്സ് വിതരണം, മൂവികസനം എന്നിവ നടപ്പിലാക്കുകയും ചെയ്യുന്നു.

(സി) ഈ പദ്ധതി അനുസരിച്ച് ചെറുകിട ജലസേചനത്തിന് വേണ്ടി 1983-84-ൽ 10692 പേർക്ക് വായ്പാ സഹായം നൽകി. 6381 പമ്പ് സെറ്റുകൾക്കും, 2348 കിണറുകൾക്കും 1001 മറ്റു ജലസേചന പദ്ധതികൾക്കും സഹായം നൽകി. 57035 പേർക്ക് മിനികിറ്റ്സ് വിതരണവും 1778 പേർക്ക് മൂവികസനത്തിന് സഹായവും നൽകി.ഈ ആവശ്യങ്ങൾക്കായി പ്രസ്തുത വർഷം 446.40 ലക്ഷം രൂപ വിനിയോഗിച്ചു.

1984-85-ൽ 18310 പേർക്ക് ആനുകൂല്യം നൽകി. 12123 പമ്പു സെറ്റുകൾക്കും 5557 കിണറുകൾക്കും 1017 ജലസേചന പദ്ധതികൾക്കും സഹായം നൽകി. 95673 പേർക്ക് മിനികിറ്റ്സ് വിതരണവും ചെയ്തു. മൂവികസന ഘടകം പ്രസ്തുത വർഷം പദ്ധതിയിൽ ഉൾപ്പെട്ടിരുന്നില്ല. മൊത്തം 379.72 ലക്ഷം രൂപ ഈ ആവശ്യങ്ങൾക്കായി വിനിയോഗിച്ചു.

1985-86-ൽ 19955 പേർക്ക് ആനുകൂല്യം നൽകി. 16730 പമ്പു സെറ്റുകൾക്കും 5739 കിണറുകൾക്കും 1210 മറ്റു ജലസേചന പദ്ധതികൾക്കും

LIBRARY ARCHIVES Kerala Legislative Assembly

സഹായം നൽകി. 204364 പേർക്ക് മിനികിറ്റ്സ് വിതരണവും 24122 പേർക്ക് ഭൂവികസനത്തിന് സഹായവും നൽകി. പ്രസ്തുത വർഷം മൊത്തം 552.28 ലക്ഷം രൂപ വിനിയോഗിച്ചു.

1986-87-ൽ ചെറുകിട ജലസേചനത്തിനായി 30-9-1986 വരെ 8705 പേർക്ക് ആനുകൂല്യം നൽകി. 6886 പമ്പു സെറ്റുകൾക്കും, 2552 കിണറുകൾക്കും 1206 പമ്പു ഹൗസുകൾക്കും, 475 മറ്റു ജലസേചന പദ്ധതികൾക്കും സഹായം നൽകി. 15100 പേർക്ക് മിനികിറ്റ്സ് വിതരണവും നൽകി. മൊത്തം 158.60 ലക്ഷം രൂപ ഈ ആവശ്യങ്ങൾക്കായി വിനിയോഗിച്ചു.

ക്ഷേമനിധി ബോർഡുകളിൽ പി. എസ്. സി. മുഖേന നിയമനം

* 268. [289] ശ്രീ. എം. ജിനദേവൻ :
,, ഒ. രേതൻ :
,, കെ. പി. അരവിന്ദാക്ഷൻ :
,, ഇ. പത്മനാഭൻ :
,, സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ക്ഷേമനിധി ബോർഡുകളിൽ പി. എസ്. സി. മുഖേന മാത്രമേ നിയമനം നടത്താവൂ എന്ന് ഗവൺമെൻറ് കൽപ്പന പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ മുഖേന നിയമനം നടക്കുന്നതിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്ന ആരോപണം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പി. എസ്. സി. മുഖേന മാത്രമേ നിയമനം നടത്താവൂ എന്ന കൽപ്പന പുറപ്പെടുവിച്ചതിനുശേഷവും എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിട്ടുണ്ടോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) :

(എ) വിവിധ ക്ഷേമനിധി ബോർഡുകളിലേക്കുള്ള നിയമനം പി. എസ്. സി. മുഖാന്തിരം നടത്തണമെന്നാണ് കാബിനറ്റ് തീരുമാനം. എന്നാൽ പി. എസ്. സി. യ്ക്ക് വിടണമെന്നുള്ള Enabling Legislation പാസ്സാകുന്നതുവരെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴി നിയമാനുസരണം നിയമനം നടത്താമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) ഇല്ല. പി. എസ്. സി. മുഖേന മാത്രമേ നിയമനം നടത്താവൂ എന്ന് കൽപ്പന പുറപ്പെടുവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly